# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2275

## 07-02-2019 ൽ മറുപടിക്ക്

## കിഫ്ബി പദ്ധതികൾ

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന ഇതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ കൂടാതെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് നിലവിൽ നടപടികൾ പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | കിഫ്ബി മുഖേന ഇതുവരെ അംഗീകാരം നൽകിയ പദ്ധതികൾ കൂടാതെ പദ്ധതി നിർവഹണ ഏജൻസികൾ സമർപ്പിച്ച 8083.60 കോടി രൂപയുടെ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണ്. |
| (ബി) ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിലുമായി ആകെ 51164 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ ആകെ തുക നിർണ്ണയിച്ചിട്ടില്ല. |
| (സി) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം അറിയിക്കാമോ? | പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കകം തന്നെ , പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും പദ്ധതി നിർവ്വഹണ ഏജൻസികളുടെയും അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ